# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 321 15-12-2014 ൽ മറുപടിക്ക്.**

## ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

**ചോദ്യം :**
ശ്രീ. എ. എം. ആരിഫ്
ശ്രീ. പി. റ്റി. എ റഹിം
ശ്രീ. ആർ. രാജേഷ്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

**മറുപടി :**
**ശ്രീ. രമേശ് ചെന്നിത്തല**
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്രിമിനൽ കേസ്സുകളിൽ പ്രതികളായ വരെ പോലീസിൽ നിയമിക്കരുതെന്ന ബഹു. സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതേത്തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വിധിയുടെ വിശദാംശങ്ങൾ നിയമ വിദഗ്ദ്ധരുമായി ചേർന്ന് പരിശോധിച്ചു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളവരോ കുറ്റ വിമുക്തരായിട്ടുള്ളവരോ നിലവിൽ പോലീസിൽ തുടരുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | ക്രിമിനൽ കേസിൽ പ്രതികളായിട്ടുവരും, കുറ്റ വിമുക്തരായിട്ടുള്ളവരുമായ 976 പേർ നിലവിൽ പോലീസിൽ തുടരുന്നുണ്ട്. ടി ഉദ്യോഗസ്ഥരുടെ പേര്, റാങ്ക്, യൂണിറ്റ് എന്നിവ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പോലീസിന്റെ വിശ്വാസ്യത തകർക്കുന്നവരെയും അതിന് നിർദ്ദേശം നൽകുന്ന ഉന്നതരെയും മാറ്റി നിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | നിയമ വിരുദ്ധ പ്രവർത്തികൾ നടത്തുന്നവർക്കെതിരെ നിയമാനുസൃതമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | ബഹു. സുപ്രീം കോടതി വിധി വിലയിരുത്തിയിട്ടുണ്ടോ; കള്ളക്കേസുകളിൽ ഉൾപ്പെട്ടവർ ആണെന്ന് ബോദ്ധ്യമാവുകയും പിന്നീട് കുറ്റ വിമുക്തരാവുകയും ചെയ്യുന്നവരുടെ കാര്യത്തിൽ പ്രസ്തുത വിധി എപ്രകാരം ബാധകമാകുമെന്നു വിലയിരുത്തിയിട്ടുണ്ടോ? | (ഇ) | ബഹു. സുപ്രീം കോടതി വിധിയുടെ വിശദാംശങ്ങൾ വിലയിരുത്തി വരുന്നതേയുള്ളൂ. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ